# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

24.02.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3204**

## ഭവന പദ്ധതികൾ

### ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര പേർക്ക് സർക്കാർ പദ്ധതികളിലൂടെ പാർപ്പിടം നല്കി; ഇപ്പോഴും പാർപ്പിടം ഇല്ലാത്ത കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കിയ ഭവന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിയിൽ എത്രപേർ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കാമോ;

(സി) ലക്ഷം വീട് കോളനികളുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(സി) ലക്ഷം വീട് കോളനികളുടെ വികസനത്തിനായി ഭവന നിർമ്മാണ ബോർഡ് പ്രത്യേകമായ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ 1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി വിതരണം ബോർഡ് മുഖേന ചെയ്തുവരുന്നു. 2191 പേർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. കൂടാതെ ലക്ഷം വീടുകളുടെ മേൽക്കൂര പുതുക്കിപ്പണിയുന്നതിന് 10,000/- രൂപ സർക്കാർ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. 772 പേർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം I

## (I) ദുർബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള പദ്ധതികൾ

1. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി ഘട്ടം I പ്രകാരം – 218 വീടുകൾ പുനർ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്.
2. സാഫല്യം ഭവന പദ്ധതി (ഫ്ലാറ്റ് നിർമ്മാണത്തിന്, സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ) – ആദ്യ ഘട്ടമായി 216 ഫ്ലാറ്റുകൾ നിർമ്മിച്ചുവരുന്നതിൽ 48 എണ്ണം പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ടമായി 96 ഫ്ലാറ്റുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. ഗൃഹശ്രീ ഭവന പദ്ധതി

സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ യഥാക്രമം 525, 709, 1500 വീടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 2013-14, 2014-15 എന്നീ വർഷങ്ങളിലെ മുഴുവൻ ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കുകയും അവർക്ക് സബ്സിഡി അനുവദിച്ചു വരികയും ചെയ്യുന്നു. 2015-16 വർഷത്തിൽ 1500 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി വർഷത്തിലേയ്ക്ക് നിലവിൽ 1050-ഓളം ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്കുള്ള ഗഡുക്കൾ അനുവദിക്കുന്നതിനുള്ള നടിപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, എം.എൻ.ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി, സുരക്ഷാ ഭവന പദ്ധതി, പത്ര പ്രവർത്തകർക്കുള്ള ഭവന സബ്സിഡി തുടങ്ങിയ പദ്ധതികളിലൂടെ ധനസഹായം അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

4. സുരക്ഷ ഭവന പദ്ധതി

| വർഷം | വീടുകളുടെ എണ്ണം | സബ്സിഡി അനുവദിച്ച തുക |
|---|---|---|
| 2011-12 | 414 | 10350000 |
| 2012-13 | 114 | 2898000 |
| 2013-14 | 122 | 3050000 |
| 2014-15 | 29 | 453000 |
| 2015-16 | 19 | 171000 |
| **ആകെ** | **698** | **16922000** |

5. എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി

| വർഷം | വീട്ടുകളുടെ എണ്ണം | സബ്സിഡി അനുവദിച്ച തുക |
|---|---|---|
| 2011-12 | 1460 | 129375350 |
| 2012-13 | 498 | 38522744 |
| 2013-14 | 142 | 12975000 |
| 2014-15 | 61 | 4712506 |
| 2015-16 | 30 | 2250000 |
| **ആകെ** | **2191** | **187835600** |

6. എം.എൻ. ലക്ഷം വീട് അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി
(പദ്ധതിയുടെ കാലാവധി 31.03.2015 -ൽ അവസാനിച്ചു)

| വർഷം | വീട്ടുകളുടെ എണ്ണം | സബ്സിഡി അനുവദിച്ച തുക |
|---|---|---|
| 2011-12 | Nil | Nil |
| 2012-13 | Nil | Nil |
| 2013-14 | 190 | 1900000 |
| 2014-15 | 582 | 5820000 |
| **ആകെ** | **772** | **7720000** |

7. പത്ര പ്രവർത്തകർക്കുള്ള സബ്സിഡി അനുവദിച്ചത്

| വർഷം | വീട്ടുകളുടെ എണ്ണം | സബ്സിഡി അനുവദിച്ച തുക |
|---|---|---|
| 2010-11 | 11 | 530750 |
| 2011-12 | 2 | 100000 |
| 2012-13 | 18 | 887481 |
| 2013-14 | 6 | 300000 |
| 2014-15 | 37 | 3584938 |
| **ആകെ** | **74** | **5403169** |

## (II) മറ്റ് പദ്ധതി

### ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി

ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതിയിലൂടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, നഗരങ്ങളിലായി 188 ഫ്ലാറ്റുകൾ നിർമ്മിക്കുകയും തിരുവനന്തപുരത്ത് 48 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരികയുമാണ്.

പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം ഭവന നിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013-ലെ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്.

# അനുബന്ധം II

1. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി ഘട്ടം I : കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാക്കിയ 15 കോടി രൂപ വിനിയോഗിച്ച് 218 വീടുകൾ പുനർനിർമ്മിച്ച് കൈമാറിയിട്ടുണ്ട്.

2. സാഫല്യം ഭവന പദ്ധതി (ഫ്ലാറ്റ് നിർമ്മാണത്തിന് സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ) : ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടിയും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. ആദ്യ ഘട്ടമായി 216 ഫ്ലാറ്റുകൾ നിർമ്മിച്ചുവരുന്നതിൽ 48 എണ്ണം പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ടമായി 96 ഫ്ലാറ്റുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഗൃഹശ്രീ ഭവന പദ്ധതി : സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG)-ൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള സർക്കാരിനു വേണ്ടി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. കേരള സർക്കാരിനുവേണ്ടി ഹൗസിംഗ് ബോർഡ് മുഖേന കേരളത്തിലെ 14 ജില്ലകളിലും 2013-14 വർഷം തുടങ്ങി നടപ്പിലാക്കി വരുന്നു.

2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ യഥാക്രമം 525, 709, 1500 എന്നിങ്ങനെയാണ് ഗൃഹശ്രീ ഭവന പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം.